## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :246 15.12.2015 ൽ മറുപടിയ്ക്ക്

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ പുരോഗതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ<br>,, എം.ഉമ്മർ<br>,, കെ.എം.ഷാജി<br>,, പി.ബി. അബ്ദുൾ റസാക് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വ്യക്തമാക്കമോ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. വിവിധ ഘട്ടങ്ങളായിട്ടാണ് പദ്ധതി പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഒന്നാം ഘട്ടം 14 ജില്ലകളിലും പൂർത്തിയായിക്കഴിഞ്ഞു. കണ്ണൂർ. കാസർഗോഡ് ജില്ലകളിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ഒന്നാം ഘട്ടത്തിൽ തന്നെ ഭൂമി നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇടുക്കി ജില്ലയിലെ അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകിയിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ്, ഇടുക്കി ജില്ലകളെ, രാജ്യത്തെ തന്നെ ആദ്യത്തെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 43,437 ഭൂരഹിത കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള ഗുണഭോക്താക്കളുടേയും പട്ടയം അനുവദിച്ചവരുടേയും എണ്ണം താഴെ ചേർക്കുന്നു. |

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 35,851 | 3,181 |
| കൊല്ലം | 28,591 | 683 |
| പത്തനംതിട്ട | 6,807 | 883 |

<table>
<tr>
<td></td>
<td></td>
<td>
<table>
<tr><td>ആലപ്പുഴ</td><td>14,163</td><td>256</td></tr>
<tr><td>കോട്ടയം</td><td>10,388</td><td>1,309</td></tr>
<tr><td>ഇടുക്കി</td><td>7,970</td><td>8,561<br>(പിന്നീട് കിട്ടിയ അപേക്ഷകരേയും ഉൾപ്പെടുത്തി</td></tr>
<tr><td>എറണാകുളം</td><td>31,379</td><td>1,449</td></tr>
<tr><td>തൃശ്ശൂർ</td><td>26,776</td><td>510</td></tr>
<tr><td>പാലക്കാട്</td><td>23,874</td><td>2,114</td></tr>
<tr><td>മലപ്പുറം</td><td>23,962</td><td>843</td></tr>
<tr><td>കോഴിക്കോട്</td><td>8,304</td><td>1,550</td></tr>
<tr><td>വയനാട്</td><td>4,546</td><td>727</td></tr>
<tr><td>കണ്ണൂർ</td><td>11,099</td><td>11,100</td></tr>
<tr><td>കാസർഗോഡ്</td><td>10,218</td><td>10,271</td></tr>
<tr><td>ആകെ</td><td>2,43,928</td><td>43,437</td></tr>
</table>
01.02.2014 മുതൽ 31.03.2014 വരെ ലഭ്യമായതും മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടികളിലും ജില്ലാതലത്തിൽ റവന്യൂ വകുപ്പ് മന്ത്രി നടത്തിയ റവന്യൂ സർവ്വെ അദാലത്തുകളിലും ലഭ്യമായ അപേക്ഷകളിൽ നിന്നു കൂടി അർഹതപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. രണ്ടാം ഘട്ടത്തിൽ പട്ടയ വിതരണത്തിനുള്ള നടപടികൾ നടന്നു വരുന്നു.
</td>
</tr>
<tr>
<td>(ബി)</td>
<td>പദ്ധതി പ്രകാരം അപേക്ഷ നൽകിയതിൽ അർഹതയുള്ളവർക്കെല്ലാം വിതരണം ചെയ്യാൻ ആവശ്യമായത്ര ഭൂമി ലഭ്യമായിട്ടുണ്ടോ; വിതരണ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?</td>
<td>കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഒന്നാം ഘട്ടത്തിലെ ഗുണഭോക്താക്കൾക്കും ഇടുക്കി ജില്ലയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും നൽകാനാവശ്യമായ ഭൂമി ലഭ്യമായിരുന്നു. ആവശ്യമായ ഭൂമി കണ്ടെത്തുന്ന പ്രവർത്തനം ഊർജ്ജിതമായി പുരോഗമിച്ചു വരുകയാണ്. ചില ജില്ലകളിൽ പദ്ധതി പൂർത്തിയാക്കുന്നതിന് ആവശ്യമായത്രയും സർക്കാർ അധീനതയിലുള്ള</td>
</tr>
</table>

| | | |
|---|---|---|
| | | ഭൂമി കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടില്ല. സർക്കാർ ഭൂമി ലഭ്യമാകുന്നതിനനുസൃതമായി രണ്ടാംഘട്ട പട്ടയം വിതരണം നടത്താനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പൊതുജന പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് ഈ പദ്ധതിയിലേക്ക് ഭൂമി ദാനമായി നൽകിയിട്ടുണ്ട്. കൂടാതെ തൃശ്ശൂർ ജില്ലയിൽ കല്യാൺ ജുവലേഴ്സ് 24 ഫ്ലാറ്റുകൾ സൗജന്യമായി വച്ച് തരുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഇടുക്കി ജില്ലയിൽ എസ്.ഡി. ഫൗണ്ടേഷൻ 20 വില്ലകൾ സൗജന്യമായി പണിതു തരുന്നുണ്ട്. ഇവയുടെ നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ